പ്രവർത്തനം വിലയിരുത്തിയതിന് ശേഷമേ മറ്റ് ജനകീയ സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

പട്ടണങ്ങളോട് ചേർന്നുള്ള പുഴകളിലേയും തടാകങ്ങളിലേയും മാലിന്യങ്ങൾ നീക്കംചെയ്യാൻ നടപടി

111 (6270) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ജനവാസം കൂടുതലുള്ള പട്ടണങ്ങളോട് ചേർന്നുള്ള പുഴ, തടാകങ്ങൾ എന്നിവയിൽ മനുഷ്യ വിസർജ്ജ്യമുൾപ്പെടെയുള്ള മാലിന്യങ്ങൾ കൂടുതലായി കലരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഗുരുവായൂർ ടൗൺഷിപ്പിനോട് ചേർന്നുള്ള ചട്ടംകണ്ടം പുഴയിലെ വെള്ളത്തിൽ ഹോട്ടൽ മാലിന്യങ്ങളും മനുഷ്യ വിസർജ്ജ്യവും കലർന്ന് കോളിഫോം ബാക്ടീരിയയുടെ തോത് വളരെ ഉയർന്ന നിലയിലായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്പോഴുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനം ഉയർന്ന തോതിലുള്ള മാലിന്യ നിർമ്മാർജ്ജനത്തിന് പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുടിക്കാനോ കുളിക്കാനോ വസ്ത്രം അലക്കാനോ പറ്റാത്ത വിധത്തിലുള്ള ഈ മാലിന്യ പ്രശ്നം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തുന്ന വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ടെസ്റ്റ് പ്രകാരം സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായി കാണുന്നു. ജല സ്രോതസ്സുകളിലേക്ക് പുറന്തള്ളപ്പെടുന്ന ഗാർഹിക മാലിന്യമാണ് ഇതിന് പ്രധാന കാരണം. മലിനജല സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ച് മലിനജലം ശുദ്ധീകരിച്ചതിനുശേഷം മാത്രം പുറത്തേക്കുവിടുന്ന സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമാവുകയുള്ളൂ. തിരുവനന്തപുരത്തും കോഴിക്കോടും കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം സീവേജ് സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. എറണാകുളത്തെ പ്ലാന്റ് വിപുലീകരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിനുതകുന്ന സ്വീവേജ് ട്രീറ്റുമെന്റ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ജല സ്രോതസ്സുകളിൽ സ്വീവേജ് മാലിന്യം എത്തുന്നത് തടയുന്നതിനായി പ്രസ്തുത മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാട്ടർ അതോറിറ്റിയും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

മണിമലയാറിലെ മാലിന്യ നിർമ്മാർജ്ജനത്തിന് നടപടി

112 (6271) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമലയാറിൽ മാലിന്യങ്ങളുടെ തോത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മണിമലയാറിലെ മാലിന്യ നിർമ്മാർജ്ജനത്തിനും തീരങ്ങളുടെ സംരക്ഷണത്തിനും എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിൽ എന്തു തീരുമാനമാണ് കൈക്കൊള്ളുകയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണിമലയാറിന്റെ തീരസംരക്ഷണത്തിനായുള്ള പദ്ധതികളൊന്നും ജലവിഭവ വകുപ്പ് ഇപ്പോൾ വിഭാവന ചെയ്തിട്ടില്ല. പ്രസ്തുത ആറിന് സമീപമുള്ള വ്യവസായശാലകളിൽ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയിട്ടുള്ളതും നിയമാനുസൃതമായി അനുമതി പത്രം നൽകി വ്യവസായശാലകളെ നിയന്ത്രിച്ചുവരുന്നതുമാണ്. ഗാർഹികമാലിന്യങ്ങൾ നദികളിൽ നേരിട്ട് എത്തുന്നത് നിയന്ത്രിക്കാനുള്ള പ്രധാന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

(സി) പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

തെന്മല ഡാമിൽ നിന്നും മണൽ ഖനനം

113 (6272) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെന്മല ഡാമിൽ നിന്നും മണൽ ഖനനം ചെയ്യുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly